# പമ്പാനദിയുടെ സ്ഥിതി ഓടയേക്കാൾ മോശം!

ശബരിമലയിലേക്ക് തീർത്ഥാടക പ്രവാഹം വർദ്ധിച്ചുകൊണ്ടിരിക്കെ പമ്പാനദിയിലെ ജലം കുടിയ്ക്കാനെന്നല്ല കുളിക്കാൻ പോലും പറ്റാത്തവിധത്തിൽ മലിനപ്പെട്ടിരിക്കുന്നതായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നു.

ആറാട്ടുകടവിൽനിന്നും ശേഖരിച്ച വെള്ളത്തിന്റെ സാമ്പിൾ പരിശോധിച്ചപ്പോൾ നൂറു മി.ലി. വെള്ളത്തിൽ രണ്ടുലക്ഷം എന്ന കണക്കിൽ കോളിഫോം ബാക്ടീരിയകളെ കണ്ടെത്തിയത്രെ. നദീതീരത്ത് നടത്തുന്ന മലവിസർജ്ജനവും വാഹനങ്ങളുടെ പാർക്കിംഗ് കേന്ദ്രങ്ങളിൽനിന്നുള്ള മലിനജലവുമാണ് പമ്പയെ തൊട്ടാലറയ്ക്കുന്ന ഓടയാക്കി മാറ്റിയിരിക്കുന്നത്.

മാലിന്യങ്ങളുടെ അളവു കൂടിയതിനോടൊപ്പം പമ്പയിലെ ജലപ്രവാഹത്തിന്റെ ശക്തിയും അളവും കുറഞ്ഞതാണ് കാര്യങ്ങൾ കൂടുതൽ വഷളാക്കിയത്. ഇന്നത്തെ നിലയ്ക്ക് പമ്പയിലെ ജലം ആരോഗ്യത്തിന് ദോഷം ചെയ്യാതിരിക്കണമെങ്കിൽ ഒരു സെക്കൻഡിൽ 5.2 ഘനമീറ്റർ ജലം എന്ന തോതിൽ പ്രവാഹവേഗത ഉണ്ടായിരിക്കണമത്രെ. പക്ഷേ, സെക്കന്റിൽ 1.2 ഘന മീറ്ററാണ് ഇപ്പോൾ പമ്പയിലെ പ്രവാഹവേഗത. ഈ അവസ്ഥയിൽ, പമ്പയിൽ കുളിക്കുന്നതുപോലും ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം.